കാരണം രക്ഷപ്പെടുത്താൻ കഴിയുന്ന നിരവധി രോഗികൾ മരിക്കുകയാണ്. മാരകമായ രക്താർബുദരോഗം ബാധിച്ചവർക്കും ജനിതകരക്ത വൈകല്യമുള്ളവർക്കും വിദഗ്ദ്ധ ചികിത്സയ്ക്ക് ആവശ്യമായ രക്ത ഘടകങ്ങളോ കീമോതെറാപ്പിക്കുള്ള മരുന്നോ ലഭ്യമല്ല. അതുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ രക്താർബുദം ബാധിച്ച രോഗികൾക്കും കുട്ടികൾക്കും മുതിർന്നവർക്കും ജനിതക രക്താർബുദ രോഗികൾക്കും വേണ്ടി പ്രത്യേക വാർഡ് നിർമ്മിക്കുകയും രക്ത ബാങ്കിനോട് ചേർന്ന് വിദഗ്ദ്ധ ചികിത്സയ്ക്ക് ആവശ്യമായ രക്ത ഘടകങ്ങൾ വേർതിരിക്കാനുള്ള സംവിധാനവും ആവശ്യമായ മരുന്നുകളും രക്തഘടകങ്ങളും ലഭ്യമാക്കുകയും ചെയ്ത് വിദഗ്ദ്ധരെ നിയമിച്ച് ഇതൊരു പ്രത്യേക യൂണിറ്റായി പാവപ്പെട്ട രക്താർബുദ രോഗികളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, രക്താർബുദ ജനിതക രോഗികൾക്ക് ആവശ്യമായ രക്തഘടകങ്ങൾ വേർതിരിച്ച് കിട്ടുന്നതിനുവേണ്ട സൗകര്യങ്ങൾ ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കിൽ നിലവിലുണ്ട്. ശരാശരി ഒരു വർഷം ഇരുപതിനായിരം യൂണിറ്റ് രക്തം ടെസ്റ്റ് ചെയ്ത് രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. അതിൽത്തന്നെ മുപ്പത് ശതമാനം യൂണിറ്റ് രക്തത്തിലെ രക്ത ഘടകങ്ങൾ വേർതിരിച്ച് നൽകുന്നുണ്ട്. ഇവിടെ ഡോക്ടർമാരെ കൂടാതെ സീനിയർ സയന്റിഫിക് ആഫീസർ, സയന്റിഫിക് അസിസ്റ്റന്റ് ഉൾപ്പെടെയുള്ള ഒരു യൂണിറ്റ് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള ബ്ലഡ് ബാങ്ക് കെട്ടിടം നവീകരിക്കുന്നതിന് ഇരുപത്തിയേഴു ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു. പ്രത്യേക യൂണിറ്റും വാർഡും നിർമ്മിക്കുന്നതിന് ഇരുപത്തി മൂന്നര ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ഭരണാനുമതിക്കായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ഉടൻ നൽകുന്നതാണ്. ഈ രോഗികൾക്ക് ഇൻഷ്വറൻസ്, യാത്രാസൗകര്യം എന്നിവ അനുവദിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(2) നിർദ്ദിഷ്ട ഫിഷറീസ് ഹൈവേ

ശ്രീ. ഡി. സുഗതൻ: സർ, എന്റെ മണ്ഡലമായ അമ്പലപ്പുഴ 18 കിലോമീറ്ററോളം തീരപ്രദേശമാണ്. അമ്പലപ്പുഴനിന്ന് ആരംഭിച്ച് മുനമ്പത്ത് അവസാനിക്കുന്ന ഒരു തീരദേശ ഫിഷറീസ് ഹൈവേയുടെ നിർദ്ദേശം നേരത്തെ ഉണ്ടായിരുന്നു. നേരത്തെ അങ്ങനെ ഒരു ആലോചന നടന്നിരുന്നതാണ്. പ്രഖ്യാപിക്കുമെന്ന് പറഞ്ഞിരുന്നതുമാണ്. എന്നാൽ, അത് ഏറ്റവും ഒടുവിൽ ആലപ്പുഴ മുതൽ ഫോർട്ട്കൊച്ചി വരെയായി ചുരുങ്ങിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അമ്പലപ്പുഴയിൽ ആണെങ്കിൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ ഈ ഗവൺമെന്റ് വന്നതിനുശേഷം അനുവദിക്കുകയും അതിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞിരിക്കുകയുമാണ്. അപ്പോൾ, ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ വളരെയേറെ പ്രാധാന്യമുള്ള ഒരു മേഖലയായിട്ട് മാറുന്നതുകൊണ്ട്; തോട്ടപ്പള്ളിയിൽ നിന്നും ഈ നിർദ്ദിഷ്ട ഫിഷറീസ് ഹൈവേ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ച് മുനമ്പത്ത് അവസാനിക്കുന്ന ഹൈവേയായി പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവിടെയുള്ള ഗ്രാമീണ റോഡുകൾ ഏറ്റെടുത്ത് ഇത് പ്രഖ്യാപിക്കാവുന്നതാണ്. അതിന് മുന്നോടിയായിട്ട് ഒരു സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ആലപ്പുഴ മുതൽ മുനമ്പം വരെ 83 കിലോമീറ്റർ ദൂരത്തിൽ തീരദേശ ഹൈവേ നിർമ്മിക്കണമെന്ന നിർദ്ദേശം നേരത്തേ ഉണ്ടായിരുന്നു. അതുപ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർവേ നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിന് 110 കോടി രൂപ ആവശ്യമെന്ന് പറഞ്ഞിരുന്നു. അതുകൊണ്ടു തന്നെ ഗവൺമെന്റ് തീരുമാനം റദ്ദുചെയ്തു. പക്ഷെ അതിനിടയ്ക്കുതന്നെ ആലപ്പുഴ മുതൽ ഫോർട്ട്കൊച്ചി, അർത്തുങ്കൽ, ചെല്ലാനം വഴി പോകുന്ന തീരദേശ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം, തീരദേശ ഹൈവേ തോട്ടപ്പള്ളിയിൽനിന്ന് ആരംഭിക്കണമെന്നാണ്. ഏതായാലും ഒരു കാര്യം അദ്ദേഹത്തിനോട് പറയാനുള്ളത്, ഈ സർവേ ഇപ്പോൾ ആലപ്പുഴയിൽ തുടങ്ങിയിട്ടേയുള്ളൂ. അത് തോട്ടപ്പള്ളിയിൽ നിന്ന് ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണിക്കാം. പണത്തിന്റെ ലഭ്യതയനുസരിച്ച് തീരദേശ വികസന ഏജൻസിയുടെ പ്രവർത്തനം വിപുലീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഈ ആവശ്യവും പരിഗണിക്കാം.

(3) കാസർഗോഡ് ജില്ലാശുപത്രിയുടെ ക്ഷേമപ്രവർത്തനം

ശ്രീ. എം. കുമാരൻ: സർ, വളരെ വിഷമത്തോടും നിരാശയോടും കൂടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് സ്ഥിതി ചെയ്യുന്ന ജില്ലാശുപത്രിക്ക് ആവശ്യമായിട്ടുള്ള തസ്തിക സൃഷ്ടിക്കണമെന്നും അതോടൊപ്പം ജില്ലാ ആശുപത്രി ഉദ്ഘാടനം നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ല രൂപീകരിച്ചതുമുതൽ ഇന്നോളം ജില്ലയെ പ്രതിനിധീകരിച്ച എം.എൽ.എ.-മാർ വിവിധ തരത്തിലുള്ള ചോദ്യങ്ങളും സബ്മിഷനുകളും ശ്രദ്ധക്ഷണിക്കലുകളും ഈ നിയമസഭയിൽ ഉന്നയിച്ചതിന്റെ രേഖകൾ ഉണ്ട്. ഞാൻ എം.എൽ.എ. ആയതിനു ശേഷം മൂന്നര വർഷത്തിനിടയിൽ അഞ്ചാമത്തെ സബ്മിഷനാണ് ജില്ലാശുപത്രിയുടെ പോസ്റ്റ് ക്രിയേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉന്നയിക്കുന്നത്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കാഞ്ഞങ്ങാട് പോലീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ടു വന്ന സമയത്ത്, കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാരും രാഷ്ട്രീയ പാർട്ടി നേതാക്കന്മാരും അദ്ദേഹത്തെ കണ്ട സമയത്ത് ആവശ്യമുള്ള തസ്തിക സൃഷ്ടിക്കാമെന്നും ആശുപത്രി കെട്ടിടം ഉദ്ഘാടനം ചെയ്യാമെന്നും ഉദ്ഘാടനം ചെയ്യുന്നതോടൊപ്പം അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തണമെന്ന് പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ

LIBRARY ARCHIVES Kerala Legislative Assembly